# കേരള സർക്കാർ

സംഘരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ക്ഷാമബത്ത 01/01/2011 മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================

## സഹകരണ (സി) വകുപ്പ്

സ. ഉ. (സാധാ)നം.366/11/സഹ തീയതി, തിരുവനന്തപുരം, 06-06-2011

================================

പരാമർശം :- 1. 11-04-2011 ലെ സ.ഉ (പി) നം. 180/11/ഫിൻ നംബർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാരുടെ 30-04-2011 ലെ ഇ. എം. (4) 10391/2008 നംബർ കത്ത്.

3. 10-05-2011 ലെ സ. ഉ (കൈ) നം. 75/11/സഹ നംബർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

പരാമർശം ഒന്ന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ 12% ക്ഷാമബത്തയും റിവൈസ്ഡ് സ്കെയിലിൽ 6% ക്ഷാമബത്തയും 01-01-2011 മുതൽ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുശേഷം അവശേഷിക്കുന്ന ക്ഷാമബത്ത 100/124 എന്ന കണക്കിന് 01-07-2010 മുതൽ 64% ആയി ക്രമീകരിച്ചുകൊണ്ടും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനനുസൃതമായി സഹകരണ സംഘം/ബാങ്കുകളിലെ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ചുകൊണ്ട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും പരാമർശം മൂന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിന്റെ 12% ക്ഷാമബത്ത 01-01-2011 മുതൽ അനുവദിച്ചിട്ടുള്ളതിനാൽ സഹകരണ സംഘം ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിന്റെ 115% ക്ഷാമബത്തയ്ക്ക് അർഹതയുള്ളതിനാൽ 24% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച ശേഷമുള്ള 91% ന്റെ 100/124 ആയ 73% ക്ഷാമബത്ത 01-01-2011 മുതൽ പരിഷ്കരിച്ച സ്കെയിലിലും 115% ക്ഷാമബത്ത പ്രീ റിവൈസ്ഡ് സ്കെയിലിലും അനുവദിച്ച് ഉത്തരവാകുന്നുവെന്നും ഒരേ സ്വഭാവമുള്ള വ്യത്യസ്ത സഹകരണ സംഘങ്ങളിൽ അതായത് ഭരണ സമിതികൾ വ്യത്യസ്ത നിരക്കിൽ ക്ഷാമബത്ത അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇപ്രകാരം അനർഹമായ ക്ഷാമബത്ത

തിരികെ ഈടാക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും പരാമർശം രണ്ട് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 01-07-2010 ൽ സഹകരണ ബാങ്കുകളിലെ/സംഘങ്ങളിലെ ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ അർഹതപ്പെട്ട 103% ക്ഷാമബത്തയിൽ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച 24% കുറവ് ചെയ്തശേഷമുള്ള 79 ന്റെ 100/124 കണക്കാക്കിയാണ് (79x100/124 = 63.7) 64% ക്ഷാമബത്ത 01-07-2010 മുതൽ പരാമർശം മൂന്ന് പ്രകാരം അനുവദിച്ചിരുന്നത്. എന്നാൽ പരാമർശം ഒന്ന് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01-01-2011 മുതൽ പ്രീ റിവൈസ്ഡ് സ്കെയിലിന്റെ 12% ക്ഷാമബത്ത അനുവദിച്ചിട്ടുള്ളതിനാൽ സഹകരണ സംഘം ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ 115% ക്ഷാമബത്തയ്ക്ക് അർഹതയുണ്ട്. ആയതിനാൽ അർഹതപ്പെട്ട 115% ക്ഷാമബത്തയിൽ നിന്ന് 24% അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ച ശേഷമുള്ള 91 ന്റെ 100/124 ( 91x100/124 = 73.3 ) 73% ക്ഷാമബത്ത (അധികമായി 9%) 01-01-2011 മുതൽ പരിഷ്കരിച്ച സ്കെയിലിലും 115% ക്ഷാമബത്ത പ്രീ റിവൈസ്ഡ് സ്കെയിലിലും അനുവദിച്ച് ഉത്തരവാകുന്നു. ഒരേ സ്വഭാവമുള്ള വ്യത്യസ്ത സഹകരണ സംഘങ്ങളിൽ അതാത് ഭരണ സമിതികൾ വ്യത്യസ്ത നിരക്കിൽ ക്ഷാമബത്ത ജീവനക്കാർക്ക് അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇപ്രകാരം അനർഹമായി കൈപ്പറ്റിയ ക്ഷാമബത്ത പ്രസ്തുത ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൽ. പ്രസന്നകുമാർ

ഡെപ്യൂട്ടിസെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം

എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും ജനറൽ മാനേജർമാർക്കും.

സഹകരണ (എ, ബി, പി. എസ്) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

Rajendran

സെക്ഷൻ ഓഫീസർ